# സൂറ – 27 / അന്നംല്

## സൂക്തം: 82 – 85

അസത്യത്തിലും അധർമത്തിലും ആണ്ടുപോയ സമൂഹം ദൃഷ്ടാന്തം ആവശ്യപ്പെടുന്നത് യഥാർഥത്തിൽ വിശ്വസിക്കാനുള്ള ന്യായം തേടിയല്ല; വിശ്വസിക്കാതിരിക്കാനുള്ള ന്യായം തേടിയാണ്. ദൃഷ്ടാന്തം പ്രത്യക്ഷപ്പെടുന്നതുവരെ അതു പ്രത്യക്ഷപ്പെട്ടില്ല എന്ന ന്യായത്തിൽ പ്രവാചകന്മാരെ തള്ളിപ്പറയും. ദൃഷ്ടാന്തം പ്രത്യക്ഷപ്പെട്ടാലോ ആ ദൃഷ്ടാന്തത്തെയും നിഷേധിച്ചുകളയും. തുടർന്ന് അവർക്കെതിരെ ശിക്ഷ നടപ്പിലാക്കേണ്ടത് അനിവാര്യമായിത്തീരുകയും ചെയ്യും. ഒരു ജനത ആവശ്യപ്പെട്ടതനുസരിച്ച് ശിക്ഷയുടെ ദൃഷ്ടാന്തം പ്രത്യക്ഷപ്പെടുക എന്നതിനർഥം ആ ജനത്തിന്റെ നാശം ആസന്നമായിരിക്കുന്നുവെന്നാണ്.



وَإِذَا وَقَعَ الْقَوْلُ عَلَيْهِمْ أَخْرَجْنَا لَهُمْ دَابَّةً مِّنَ الْأَرْضِ
تُكَلِّمُهُمْ أَنَّ النَّاسَ كَانُوا بِآيَاتِنَا لَا يُوقِنُونَ ﴿٨٢﴾

82. നമ്മുടെ ശിക്ഷാവിധി യാഥാർഥ്യമാവുകയാണെങ്കിൽ നാം അവർക്കായി ഭൂമിയിൽനിന്നുള്ള ഒരു ജന്തുവിനെ പുറപ്പെടുവിക്കുമായിരുന്നു. മനുഷ്യർ നമ്മുടെ സൂക്തങ്ങളിൽ ദൃഢവിശ്വാസമില്ലാത്തവരായിരുന്നുവെന്ന് അത് അവരോട് വിളിച്ചോതും.

**82**

وَإِذَا وَقَعَ = സംഭവിക്കുമ്പോൾ (യാഥാർഥ്യമാവുകയാണെങ്കിൽ) الْقَوْلُ = വചനം (നമ്മുടെ ശിക്ഷാവിധി)
عَلَيْهِمْ = അവരിൽ أَخْرَجْنَا لَهُمْ = നാം അവർക്കായി പുറപ്പെടുവിച്ചു (ടുവിക്കുമായിരുന്നു) دَابَّةً = ഒരു ജന്തുവിനെ
مِّنَ الْأَرْضِ = ഭൂമിയിൽനിന്ന് (ഉള്ള) تُكَلِّمُهُمْ = അത് അവരോട് സംസാരിക്കും (വിളിച്ചോതും)
أَنَّ النَّاسَ = എന്തെന്നാൽ മനുഷ്യർ(ക്ക്) كَانُوا بِآيَاتِنَا لَا يُوقِنُونَ = നമ്മുടെ സൂക്തങ്ങളിൽ ദൃഢവിശ്വാസമില്ലാത്തവരായിരുന്നു

وُقُوع -ൽനിന്നുള്ള ക്രിയയാണ് وَقَعَ. വീഴുക, സംഭവിക്കുക എന്നാണ് وقوع-ന്റെ മൗലികമായ അർഥം. പുലരുക, യാഥാർഥ്യമാവുക എന്നിങ്ങനെ പല പ്രയോഗാർഥങ്ങളുമുണ്ട്. قول- വചനം- കൊണ്ടുദ്ദേശ്യം അല്ലാഹുവിന്റെ ശിക്ഷാവിധിയാണ്.

وَقَعَ الْقَوْلُ عَلَيْهِمْ എന്നാൽ അവരുടെ മേൽ വചനം പുലർന്നു, അഥവാ ശിക്ഷാവിധി യാഥാർഥ്യമായി. وقع എന്ന പദം على എന്ന പ്രത്യയവുമായി ചേരുമ്പോൾ എതിരായി പുലർന്നു, സംഭവിച്ചു എന്ന അർഥം ലഭിക്കുന്നു. عَلَيْهِمْ എന്നതിലെ 'അവർ' സൂചിപ്പിക്കുന്നത്, ഈ സൂറ അഭിസംബോധനം ചെയ്യുന്ന, ദൈവശിക്ഷ അല്ലെങ്കിൽ ഉയിർത്തെഴുന്നേൽപ് സംഭവിച്ചുകാണാതെ ഞങ്ങൾ നിന്നിൽ വിശ്വസിക്കുന്ന പ്രശ്നമില്ല എന്ന് പ്രവാചകനോട് ശഠിക്കുന്ന സത്യനിഷേധികളെയാണ്. അക്കാലത്തെ മുഖ്യനിഷേധികൾ ഖുറൈശികളായിരുന്നു. അവരുടെ ഈ ശാഠ്യം നേരത്തേ 71-73 സൂക്തങ്ങളിൽ പരാമർശിക്കപ്പെട്ടിരിക്കുന്നു. كَلْم -യുടെ അർഥം മുറിവേൽപിക്കുകയാണ്. ഇത് تكلم ആകുമ്പോൾ അർഥം സംസാരം എന്നാകുന്നു. كَلَمَ -യിൽനിന്നുള്ള كليم -ന് പരിക്കേറ്റവൻ എന്നും ധാരാളം സംസാരിക്കുന്നവൻ (പ്രഭാഷകൻ) എന്നും അർഥമുണ്ട്. മുറിവേറ്റവൻ എന്ന അർഥത്തിൽ تكلّم ഉപയോഗിക്കാറില്ല. സംസാരം കൂടാതെ, സാക്ഷ്യപ്പെടുത്തൽ, ലക്ഷണം കാണിക്കൽ (നമ്മുടെ ശൈലിയിലെ വിളിച്ചോതൽ) എന്ന അർഥത്തിലും تكلم ഉപയോഗിക്കും. ഉദാ:

أَمْ أَنزَلْنَا عَلَيْهِمْ سُلْطَانًا فَهُوَ يَتَكَلَّمُ بِمَا كَانُوا بِهِ يُشْرِكُونَ ﴿٣٥﴾

(അതല്ല, അവർ വാദിക്കുന്നു ബഹുദൈവവിശ്വാസത്തെ സാക്ഷ്യപ്പെടുത്തുന്ന ആധികാരികമായ വല്ല പ്രമാണവും നാം അവർക്ക് അവതരിപ്പിച്ചുകൊടുത്തിട്ടുണ്ടോ? - 30: 35). دَابَّة ജന്തുവാണ്. അത് നാലു കാലിൽ നടക്കുന്നതോ ഇഴയുന്നതോ പറക്കുന്നതോ എന്തുമാവാം. ഖുർആൻ 34:14-ൽ ചിതലിനെ دَابَّةُ الْأَرْضِ എന്നു പരാമർശിച്ചിട്ടുണ്ട്. ഇവിടെ പറയുന്നത് دَابَّةً مِّنَ الْأَرْضِ (ഭൂമിയിൽനിന്നുള്ള ഒരു ജന്തു) എന്നാണ്. അത് ഏതു ജന്തുവുമാവാം.

വചനതാൽപര്യമിതാണ്: ശിക്ഷാരൂപത്തിലുള്ള ദൃ

ഷ്ടാന്തം കാണിച്ചുകൊടുക്കാതെ ഈ ജനം സത്യവിശ്വാസം കൈക്കൊള്ളുകയില്ലെന്നു ശഠിക്കുകയാണല്ലോ. അവരാവശ്യപ്പെടുന്ന തരത്തിലുള്ള ദൃഷ്ടാന്തം കാട്ടിക്കൊടുക്കുക അല്ലാഹുവിന് പ്രയാസമുള്ള കാര്യമല്ല. പക്ഷേ, അവര്‍ക്ക് പശ്ചാത്തപിക്കാനും ജീവിതം സംസ്കരിക്കാനുമുള്ള അവസരം നീട്ടിക്കൊടുക്കുകയാണവന്‍. അതിനു വേണ്ടിയാണ് തന്റെ ദൂതനിലൂടെയും വേദത്തിലൂടെയും ഉപദേശവും ഉദ്ബോധനവും താക്കീതും സുവിശേഷവുമൊക്കെ നല്‍കിക്കൊണ്ടിരിക്കുന്നത്. ഈ വിധം അല്ലാഹുവിന്റെ നീതിയും കാരുണ്യവും ആവശ്യപ്പെടുന്ന കാര്യങ്ങളെല്ലാം പൂര്‍ത്തീകരിക്കപ്പെട്ട ശേഷം അസത്യത്തിലും അക്രമത്തിലും ഉറച്ചുനില്‍ക്കുന്നവരില്‍, അല്ലാഹുവിന്റെ 'സുന്നത്ത്' താല്‍പര്യപ്പെടുന്ന ശിക്ഷാവിധി യാഥാര്‍ഥ്യമാകും. അതിന് ഒരടയാളം കാണിക്കുക അല്ലാഹുവിന് ഒരു വലിയ കാര്യമൊന്നുമല്ല. ഈ ജനം ദൈവിക സൂക്തങ്ങളെ നിഷേധിക്കുന്നവരും ഭൂമിയില്‍ അക്രമവും അനീതിയും മാത്രം വളര്‍ത്തുന്നവരുമായ പരമ ദുഷ്ടന്മാരാണെന്ന് സാക്ഷ്യപ്പെടുത്തുന്ന ഒരു ജന്തുവിനെ ഈ ഭൂമിയില്‍നിന്നുതന്നെ ഉയിര്‍ത്തെഴുന്നേല്‍പിക്കാവുന്നതേയുള്ളൂ. ഈ വചനശൈലി പ്രകാശിപ്പിക്കുന്ന ആശയമിതാണ്: അല്ലാഹു ഇപ്പോഴും ഈ ജനത്തിന് അവന്റെ സന്മാര്‍ഗദര്‍ശനം ഇറക്കിക്കൊടുക്കുകയും തന്റെ ദൂതനും വേദവും മുഖേന സത്യ-ധര്‍മങ്ങള്‍ നാനാവിധേന ബോധ്യപ്പെടുത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. പക്ഷേ, അവരുടെ ദുഷ്ചെയ്തികള്‍ മൂലം അവരുടെ മേല്‍ വിനാശത്തിന്റെ വിധി തന്നെ ഉണ്ടാവുകയാണെങ്കില്‍ ഒരു ഭൗമ ജന്തുവിലൂടെയും അല്ലാഹുവിന് അവര്‍ക്ക് മുമ്പില്‍ സത്യം സാക്ഷ്യപ്പെടുത്താന്‍ കഴിയുന്നതാണ്.

പ്രവാചകന്മാരുടെ ചരിത്രത്തില്‍ സ്വാലിഹ് നബിയുടെ ഒട്ടകം ഇത്തരം ദൃഷ്ടാന്താവതരണത്തിനുള്ള ഉദാഹരണമാകുന്നു. ദൈവശിക്ഷയുടെ ദൃഷ്ടാന്തം കാണിച്ചുതരാതെ സ്വാലിഹ് നബിയില്‍ വിശ്വസിക്കാന്‍ തയാറല്ലെന്ന് സമൂദ് ജനത ശഠിച്ചപ്പോള്‍ അല്ലാഹു ഒരു ഒട്ടകത്തെ പ്രത്യക്ഷപ്പെടുത്തി. അതിനെ ആരും ദ്രോഹിച്ചുപോകരുതെന്നും ആരെങ്കിലും അതിനെ ദ്രോഹിച്ചാല്‍ ഉടനെ ദൈവികശിക്ഷ വന്നു ഭവിക്കുമെന്നും സ്വാലിഹ് നബി(അ) അവര്‍ക്കു മുന്നറിയിപ്പു നല്‍കി. അവരദ്ദേഹത്തിന്റെ താക്കീതു വകവെക്കാതെ ഒട്ടകത്തെ കൊന്നുകളഞ്ഞു. അവരെ ദൈവിക ശിക്ഷ പിടികൂടുകയും ചെയ്തു. അസത്യത്തിലും അധര്‍മത്തിലും ആണ്ടുപോയ സമൂഹം ദൃഷ്ടാന്തം ആവശ്യപ്പെടുന്നത് യഥാര്‍ഥത്തില്‍ വിശ്വസിക്കാനുള്ള ന്യായം തേടിയല്ല; വിശ്വസിക്കാതിരിക്കാനുള്ള ന്യായം തേടിയാണ്. ദൃഷ്ടാന്തം പ്രത്യക്ഷപ്പെടുന്നതുവരെ അതു പ്രത്യക്ഷപ്പെട്ടില്ല എന്ന ന്യായത്തില്‍ പ്രവാചകന്മാരെ തള്ളിപ്പറയും. ദൃഷ്ടാന്തം പ്രത്യക്ഷപ്പെട്ടാലോ ആ ദൃഷ്ടാന്തത്തെയും നിഷേധിച്ചുകളയും. തുടര്‍ന്ന് അവര്‍ക്കെതിരെ ശിക്ഷ നടപ്പിലാക്കേണ്ടത് അനിവാര്യമായിത്തീരുകയും ചെയ്യും. ഒരു ജനത ആവശ്യപ്പെട്ടതനുസരിച്ച് ശിക്ഷയുടെ ദൃഷ്ടാന്തം പ്രത്യക്ഷപ്പെടുക എന്നതിനര്‍ഥം ആ ജനതയുടെ നാശം ആസന്നമായിരിക്കുന്നുവെന്നാണ്. ശിക്ഷ ആസന്നമായിട്ടും വിശ്വാസത്തിലൂടെ വീണ്ടെടുക്കപ്പെട്ട ഒരൊറ്റ പ്രവാചക സമൂഹമേയുള്ളൂ; യൂനുസി(അ)ന്റെ ജനത. ശിക്ഷയുടെ ദൃഷ്ടാന്തമായി ലൂത്വ് ജനതയില്‍ മലക്കുകളിറങ്ങുകയുണ്ടായി. അവര്‍ വകവെച്ചില്ല. ഉടനെ ശിക്ഷയിറങ്ങുകയും ചെയ്തു. ശിക്ഷാവിധിക്ക് സാക്ഷികളായി മലക്കുകളെ ഹാജരാക്കണമെന്നാവശ്യപ്പെട്ടവരോട് അല്ലാഹു പറഞ്ഞു:

مَا نُنَزِّلُ الْمَلَائِكَةَ إِلَّا بِالْحَقِّ وَمَا كَانُوا إِذًا مُّنظَرِينَ ﴿٨﴾ (മലക്കുകളെ നാം അങ്ങനെയൊന്നും ഇറക്കാറില്ല. ന്യായവിധിയും കൊണ്ടേ മലക്കുകള്‍ ഇറങ്ങൂ. പിന്നെ അവര്‍ക്ക് വീണ്ടെടുപ്പിന് അവസരം ലഭിക്കുന്നതല്ല -15:8).

وَقَالُوا لَوْلَا أُنزِلَ عَلَيْهِ مَلَكٌ وَلَوْ أَنزَلْنَا مَلَكًا لَّقُضِيَ الْأَمْرُ ثُمَّ لَا يُنظَرُونَ ﴿٨﴾ (അവര്‍ ചോദിക്കുന്നുണ്ടല്ലോ; ഈ പ്രവാചകനെ സാക്ഷ്യപ്പെടുത്താന്‍ ഒരു മലക്ക് ഇറക്കപ്പെടാത്തതെന്ത്? നാം മലക്കിനെ ഇറക്കിയിരുന്നുവെങ്കില്‍ കാര്യം അതോടെ തീരുമാനിക്കപ്പെടുമായിരുന്നു. പിന്നെ അവര്‍ക്ക് ഒട്ടും അവസരം ലഭിക്കുമായിരുന്നില്ല - 6:8). വാസ്തവത്തില്‍ അവരാവശ്യപ്പെട്ട ഉടനെ ദൃഷ്ടാന്തമിറക്കാതിരിക്കുന്നതിലൂടെ അവര്‍ക്ക് രക്ഷപ്പെടാന്‍ കൂടുതല്‍ അവസരം നല്‍കിക്കൊണ്ട് അല്ലാഹു അവരോട് ദാക്ഷിണ്യം കാണിക്കുകയാണ്. ഇങ്ങനെ അവസരം നീട്ടിക്കിട്ടിയതുകൊണ്ടാണ് ഖുറൈശികളുള്‍പ്പെടെയുള്ള അറബികള്‍ക്ക് ഇസ്‌ലാം സ്വീകരിക്കാനും ലോകത്തിന്റെ നേതാക്കളും ജേതാക്കളുമായി പരിലസിക്കാനും സാധിച്ചത്.

ഈ സൂക്തത്തിന് കൂടുതല്‍ യുക്തമായി തോന്നുന്നതും മൗലാനാ അമീന്‍ അഹ്സന്‍ ഇസ്‌ലാഹിയെപ്പോലുള്ള വ്യാഖ്യാതാക്കള്‍ സ്വീകരിച്ചിട്ടുള്ളതുമായ വിശദീകരണമാണ് മുകളില്‍ കൊടുത്തത്. എന്നാല്‍ കൂടുതല്‍ പ്രചുരമായ വ്യാഖ്യാനം മറ്റൊന്നാണ്. അതിനനുകൂലമായി കുറേ ഹദീസുകള്‍ -അവയിലധികവും ദുര്‍ബലവും പരസ്പരവിരുദ്ധവുമാണെങ്കിലും- ഉദ്ധരിക്കപ്പെടുന്നുണ്ട്. അവ പൊതുവില്‍ യോജിക്കുന്ന കാര്യം ഈ ജന്തുവിന്റെ പുറപ്പാട് ലോകാവസാനം ആസന്നമാകുമ്പോള്‍ അതിന്റെ ലക്ഷണമായിട്ടായിരിക്കും എന്നതാണ്. ഈ ജന്തുവിനെ -دابّة- നിവേദനങ്ങള്‍ പല തരത്തിലാണ് വര്‍ണിക്കുന്നത്. ഇമാം ഖുര്‍ത്വുബി പറയുന്നത് ഈ ജന്തു സ്വാലിഹ് നബിയുടെ ഒട്ടകത്തിന്റെ കുട്ടിയാണെന്നാണ്. സ്വാലിഹിന്റെ ഒട്ടകം വധിക്കപ്പെട്ടപ്പോള്‍ കുട്ടി ഓടിപ്പോയി. അതിനുവേണ്ടി ഒരു പാറ തുറന്നുകിടന്നു. ഒട്ടകക്കുട്ടി അതില്‍ പ്രവേശിച്ചപ്പോള്‍ പാറ പഴയപടി മൂടിപ്പോയി. പിന്നെ അല്ലാഹു പുറത്തുകടക്കാന്‍ കല്‍പിക്കുന്നതുവരെ അത് ആ പാറക്കുള്ളില്‍ കഴിയുകയാണ്. മസ്ജിദുല്‍ ഹറാമിലാണ് ഈ ജന്തു പ്രത്യക്ഷപ്പെടുക എന്നാണ് ചില നിവേദനങ്ങള്‍ പറയുന്നത്. വ്യത്യസ്ത നിവേദനങ്ങളിലൂടെ തെളിഞ്ഞുവരുന്ന ഈ ജന്തുവിന്റെ ഏകദേശ ചിത്രം ഭീമാകാരമായ ഒരു ബീഭത്സ ജന്തുവിന്റേതാണ്. 600 മുഴം മുതല്‍ കാതങ്ങള്‍ വരെയാണ് നീളം. ശിരസ്സിന് മേഘങ്ങളില്‍ മുട്ടുംവണ്ണം ഉയരം. തൂവല്‍ പോലെ കുഞ്ചിരോമം. മലപോലെ പൂഞ്ഞ. കാളത്തല. കടല്‍കാക്കയുടെ കണ്ണ്. ആനച്ചെവി. സിംഹത്തിന്റെ മാറ്, പുലിനിറം, ആടിന്റെ വാല്‍, ഒട്ടകക്കുളമ്പ്. അത് മനുഷ്യരോട് പ്രഭാഷണം ചെയ്യും. تكلّم -ന് മുറിവേല്‍പ്പിക്കുക എന്ന അര്‍ഥം നല്‍കിക്കൊണ്ട് ചിലര്‍ പറയുന്നത് അത് ആളുകള്‍ക്ക് പരിക്കേല്‍പിച്ചുകൊണ്ട് വിഹരിക്കും എന്നാണ്. ചിലര്‍ കല്‍പിക്കുന്ന അര്‍ഥം അടയാളപ്പെടുത്തുക, മുദ്രകുത്തുക എന്നാണ്. ഈ ജന്തു ആളുകളുടെ മുഖത്ത് നീ മുസ്‌ലിം,

നീ കാഫിർ എന്നിങ്ങനെ മുദ്രകുത്തുമത്രെ. ആധുനിക മുഫസ്സിറുകളിൽ ചിലരുടെ വീക്ഷണത്തിൽ ഈ ജന്തു മനുഷ്യൻ തന്നെയായിരിക്കും. കാരണം സംസാരം- كلام മനുഷ്യനു മാത്രമുള്ള ഗുണമാണ്. دابّة- ജന്തു എന്ന പദം മനുഷ്യനെ കൂടി ഉൾക്കൊള്ളുന്നതുമാണല്ലോ.

ദൈവദൂതന്മാരെയും വേദപ്രമാണങ്ങളെയും സത്യധർമങ്ങളെയും തള്ളിക്കളയുന്ന ധിക്കാരിസമൂഹങ്ങൾ ഈ ലോകത്ത് നേരിടാവുന്ന വിനാശത്തെയും പരലോകത്ത് അനിവാര്യമായും നേരിടേണ്ടിവരുന്ന ശിക്ഷയെയും കുറിച്ചാണ് പൂർവ സൂക്തങ്ങൾ താക്കീതു ചെയ്തത്. അതിൽ ഈ ലോകത്തും നേരിടാവുന്ന ശിക്ഷയെക്കുറിച്ച് .... وَإِذَا وَقَعَ الْقَوْلُ എന്നു തുടങ്ങുന്ന 82-ാം വാക്യവും പരലോക ശിക്ഷയെക്കുറിച്ച് ....وَوَقَعَ الْقَوْلُ എന്നു തുടങ്ങുന്ന 85-ാം വാക്യവും പറയുന്നു എന്ന് മനസ്സിലാക്കിക്കൊണ്ടുള്ളതാണ് ആദ്യത്തെ വിശദീകരണം. ഹദീസുകൾ സ്വീകാര്യമാണെങ്കിൽതന്നെ അതിൽ പറയുന്ന دابّة ആവണമെന്നില്ല ഈ സൂക്തം പറയുന്ന دابّة.

أَنَّ النَّاسَ كَانُوا بِآيَاتِنَا لَا يُوقِنُونَ എന്ന വാക്യം രണ്ടു തരത്തിൽ മനസ്സിലാക്കപ്പെടുന്നുണ്ട്. ജന്തു പറഞ്ഞത് ഉദ്ധരിക്കുകയാണതെന്നാണൊന്ന്. അതായത് മനുഷ്യർ ദൈവിക ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുന്നില്ല എന്ന് ആ ജന്തു പറഞ്ഞുകൊണ്ടിരിക്കും. دابّة അല്ലാഹുവിനെ ഉദ്ധരിക്കുന്നുവെന്നാണ് രണ്ടാമത്തേത്. അതായത് ജനം നമ്മുടെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുന്നവരായിട്ടില്ല എന്ന അല്ലാഹുവിന്റെ പ്രസ്താവനയെ ഈ دابّة ഏറ്റുപറഞ്ഞുകൊണ്ടിരിക്കും. ഇതിനെയാണ് സൂക്തത്തിലെ بِآيَاتِنَا - 'നമ്മുടെ ദൃഷ്ടാന്തങ്ങൾ' എന്ന വാക്ക് ബലപ്പെടുത്തുന്നത്. രണ്ടർഥവും സാരാംശത്തിൽ ഒന്നുതന്നെയാണ്. ■

---

وَيَوْمَ نَحْشُرُ مِن كُلِّ أُمَّةٍ فَوْجًا مِّمَّن يُكَذِّبُ بِآيَاتِنَا فَهُمْ يُوزَعُونَ ﴿٨٣﴾

83. എല്ലാ സമുദായത്തിൽനിന്നും നമ്മുടെ സൂക്തങ്ങളെ തള്ളിപ്പറഞ്ഞവരെ ഒരു മഹാസംഘമായി ഹാജരാക്കുകയും അവർ പല ഗണങ്ങളായി ക്രമീകരിക്കപ്പെടുകയും ചെയ്യുന്ന നാളിനെ ഒന്നോർത്തുനോക്കുക!

**83**

وَيَوْمَ = നാൾ(ളിനെ ഒന്നോർത്തുനോക്കുക) نَحْشُرُ = നാം ഹാജരാക്കുന്ന(ക്കുകയും)
مِن كُلِّ أُمَّةٍ = എല്ലാ സമുദായത്തിൽനിന്നും فَوْجًا = ഒരു സംഘത്തെ (മഹാ സംഘമായി)
مِّمَّن يُكَذِّبُ بِآيَاتِنَا = നമ്മുടെ സൂക്തങ്ങളെ തള്ളിപ്പറഞ്ഞവ(രെ)രാൽ
فَهُمْ يُوزَعُونَ = എന്നിട്ട് അവർ (പല ഗണങ്ങളായി) ക്രമീകരിക്കപ്പെടുകയും ചെയ്യുന്ന

ഭൗതികലോകത്ത് നേരിടേണ്ടിവരുന്ന നാശത്തിനു പുറമെ താക്കീതു ചെയ്യപ്പെട്ട പാരത്രിക ശിക്ഷയെക്കുറിച്ചുണർത്തുകയാണ്. അല്ലാഹു സൃഷ്ടികളെയെല്ലാം വിചാരണാ സഭയിൽ ഒരുമിച്ചുകൂട്ടുകയും ഓരോ സമുദായത്തിലുമുള്ള, തന്റെ സൂക്തങ്ങളെയും ദൃഷ്ടാന്തങ്ങളെയും തള്ളിക്കളഞ്ഞവരെ ഒരൊറ്റ ഗണമായി ക്രമീകരിച്ചു നിർത്തുകയും ചെയ്യുന്ന ആ മഹാദിനത്തെ കുറിച്ചോർക്കുക. فَهُمْ يُوزَعُونَ എന്ന വാക്കിന്റെ ആശയം നേരത്തേ 17-ാം സൂക്തത്തിനു താഴെ വിശദീകരിച്ചിരിക്കുന്നു. ഇവിടെ താൽപര്യമിതാണ്; അവരുടെ പാപത്തിന്റെ സ്വഭാവവും ഗൗരവവും പരിഗണിച്ച് ആരൊക്കെ ഏതൊക്കെ ശിക്ഷയർഹിക്കുന്നു എന്ന് നിർണയിച്ച് ഓരോ ഗണത്തെയും നരകത്തിന്റെ വിവിധ വാർഡുകളിലേക്കയക്കുന്നു. 15:44-ൽ ഇങ്ങനെ പറയുന്നുണ്ടല്ലോ; لَهَا سَبْعَةُ أَبْوَابٍ لِّكُلِّ بَابٍ مِّنْهُمْ جُزْءٌ مَّقْسُومٌ ﴿٤٤﴾ (അതിന് ഏഴു കവാടങ്ങളുണ്ട്. ഓരോ വിഭാഗവും ഓരോ കവാടത്തിന് വീതിക്കപ്പെട്ടവരാകുന്നു). ഗണവും കൂട്ടവുമൊക്കെയാണ് فوج . ഇതിന്റെ ബഹുവചനം أفواج. ഉർദു, പേർഷ്യൻ ഭാഷകളിൽ സൈന്യത്തിനും فوج എന്നു പറയുന്നു. ഇവിടെ ഈ പദപ്രയോഗം ശിക്ഷാർഹരായ കുറ്റവാളികളുടെ ആധിക്യത്തെ സൂചിപ്പിക്കുന്നു. എത്ര പെരുത്തുണ്ടായാലും അവരെ ഒരുമിച്ചുകൂട്ടാനും വിചാരണ ചെയ്യാനും അല്ലാഹുവിന് ഒരു പ്രയാസവുമുണ്ടാവില്ല എന്നും സൂചിപ്പിക്കുന്നു. ■

---

حَتَّىٰ إِذَا جَاءُوا قَالَ أَكَذَّبْتُم بِآيَاتِي وَلَمْ تُحِيطُوا بِهَا عِلْمًا أَمَّاذَا كُنتُمْ تَعْمَلُونَ ﴿٨٤﴾

84. അങ്ങനെ അവരെല്ലാവരും എത്തിച്ചേരുമ്പോൾ അല്ലാഹു ചോദിക്കും: നിങ്ങൾ എന്റെ സൂക്തങ്ങളെ തള്ളിപ്പറഞ്ഞുവോ, അതു പൂർണമായി ഗ്രഹിച്ചിട്ടില്ലാതിരിക്കെ? അല്ലെങ്കിൽ പിന്നെ നിങ്ങൾ ചെയ്തിരുന്നതെന്താണ്?

وَوَقَعَ الْقَوْلُ عَلَيْهِم بِمَا ظَلَمُوا فَهُمْ لَا يَنطِقُونَ ﴿٨٥﴾

85. അവർ ചെയ്ത അതിക്രമങ്ങൾ മൂലം അല്ലാഹുവിന്റെ ശിക്ഷാവിധി അവരിൽ നടപ്പിലാകുന്നു. അപ്പോൾ അവർക്ക് യാതൊന്നും ഉരിയാടാനാവില്ല.

**84,85**

حَتَّىٰ إِذَا جَاءُوا= അങ്ങനെ അവർ വന്നാൽ (അവരെല്ലാവരും എത്തിച്ചേരുമ്പോൾ)
قَالَ = പറഞ്ഞു (അല്ലാഹു ചോദിക്കും) أَكَذَّبْتُم= നിങ്ങൾ കളവാക്കിയോ, തള്ളിക്കളഞ്ഞുവോ
بِآيَاتِي = എന്റെ സൂക്തങ്ങളെ
وَلَمْ تُحِيطُوا بِهَا عِلْمًا = നിങ്ങൾ അത് ജ്ഞാനത്താൽ വലയം ചെയ്തി(പൂർണമായി ഗ്രഹിച്ചി)ട്ടില്ലെന്നിരിക്കെ
أَمَّاذَا= അതല്ലെങ്കിൽ (പിന്നെ) എന്താണ് كُنتُمْ تَعْمَلُونَ = നിങ്ങൾ ചെയ്തിരുന്നത്
وَوَقَعَ الْقَوْلُ عَلَيْهِم = വചനം അവരുടെ മേൽ സംഭവിച്ചു (അല്ലാഹുവിന്റെ ശിക്ഷാവിധി അവരുടെ മേൽ നടപ്പിലാകുന്നു)
بِمَا ظَلَمُوا = അവർ അക്രമിച്ചതുകൊണ്ട് (ചെയ്ത അതിക്രമങ്ങൾ മൂലം)
فَهُمْ لَا يَنطِقُونَ = അപ്പോൾ അവർ സംസാരിക്കുന്നില്ല (അവർക്ക് യാതൊന്നും ഉരിയാടാനാവില്ല)

അങ്ങനെ എല്ലാവരും അല്ലാഹുവിന്റെ മുമ്പിൽ ഹാജരായി അവരവരുടെ പാപത്തിന്റെ സ്വഭാവമനുസരിച്ച് ഗണം തിരിഞ്ഞ് നിലകൊള്ളുമ്പോൾ അവൻ അവരെ വിചാരണ ചെയ്യുന്നു. എന്റെ സുവ്യക്തമായ സൂക്തങ്ങളെയും ദൃഷ്ടാന്തങ്ങളെയും തള്ളിപ്പറഞ്ഞുകൊണ്ട് എന്നെയും എന്റെ ദൂതന്മാരെയും പരലോകത്തെയും മരണാനന്തര ഉയിർത്തെഴുന്നേൽപിനെയും എന്റെ ധർമശാസനകളെയും രക്ഷാശിക്ഷകളെയുമെല്ലാം സാക്ഷ്യപ്പെടുത്തുന്ന ദൃഷ്ടാന്തങ്ങളെ നിങ്ങൾ നിഷേധിച്ചുവോ? അങ്ങനെ നിഷേധിക്കണമെങ്കിൽ ഈ വിഷയങ്ങളുടെ അർഥങ്ങളും പൊരുളുകളും നിങ്ങൾ പൂർണമായി മനസ്സിലാക്കുകയും അതിലൊന്നും കാര്യമില്ലെന്ന് ബോധ്യപ്പെടുകയും ചെയ്തിരിക്കണം. അങ്ങനെയൊരറിവ് നിങ്ങൾക്കാർക്കും ഉണ്ടായിട്ടില്ല. ഉണ്ടാവുക സാധ്യവുമല്ല. അവയിലേറെയും അഭൗതികവും അഗോചരവുമായ കാര്യങ്ങളാണല്ലോ. ഭൗതികവും ഗോചരവുമായ കാര്യങ്ങളെക്കുറിച്ചു മാത്രമേ പരിമിതമായെങ്കിലും നിങ്ങൾ അറിയുന്നുള്ളൂ. അഗോചര കാര്യങ്ങളറിയാനുള്ള ഏകമാധ്യമം നാം നിയോഗിച്ച പ്രവാചകന്മാരും അവരിലൂടെ അവതരിച്ച വേദങ്ങളുമാകുന്നു. അതും അതവതരിപ്പിക്കുന്ന സത്യങ്ങളും പഠിക്കാനോ പരിശോധിക്കാനോ പോലും തയാറാവാതെ ധിക്കാരപൂർവം തള്ളിക്കളഞ്ഞ നടപടിക്ക് എന്തു ന്യായമാണ് നിങ്ങൾക്കു ബോധിപ്പിക്കാനുള്ളത്? നമ്മുടെ ദൃഷ്ടാന്തങ്ങളും സൂക്തങ്ങളും അന്ധമായും അന്യായമായും നിഷേധിക്കുകയായിരുന്നില്ലെങ്കിൽപിന്നെ നിങ്ങൾ ചെയ്തുകൊണ്ടിരുന്നതെന്താണ്?

നാസ്തികൻ ദൈവത്തെ നിഷേധിക്കുന്നത്, ഗോചരവും അഗോചരവുമായ പ്രപഞ്ചങ്ങളഖിലം പരതി നടന്ന് ദൈവം ഇല്ല എന്ന് ബോധ്യപ്പെട്ടതുകൊണ്ടല്ല. തന്റെ ഇന്ദ്രിയങ്ങൾക്ക് ഗോചരമാകുന്നില്ല എന്നതുകൊണ്ടാണ്. ഒരു കാര്യവും ഉണ്മയാകുന്നത് അത് മനുഷ്യന്റെ പഞ്ചേന്ദ്രിയങ്ങൾക്കു വിധേയമാകുന്നതിനെ ആശ്രയിച്ചല്ല. മനുഷ്യൻ അതിനെ അംഗീകരിക്കുന്നുവോ നിഷേധിക്കുന്നുവോ എന്നതിനെ ആശ്രയിച്ചുമല്ല. യാഥാർഥ്യം സ്വയം നിലനിൽക്കുന്നു. സത്യം, നീതി, ധർമം തുടങ്ങിയവ ഇന്ദ്രിയഗോചരമായ വസ്തുക്കളല്ലാത്തതുകൊണ്ട് അവയൊന്നും യാഥാർഥ്യമല്ലാതാകുന്നില്ലല്ലോ. ചില ആധുനികർ ഇപ്പോൾ ഇത്തരം മൂല്യങ്ങളും നിഷേധിച്ചു തുടങ്ങിയിട്ടുള്ളത് ദൈവിക ദൃഷ്ടാന്തങ്ങളുടെ നിഷേധത്തിന്റെ വികാസമായേ അവയെ കാണേണ്ടൂ. ഒരു കാര്യം സമ്മതിക്കാൻ മതിയായ മാധ്യമം അതിന്റെ തെളിവുകളും അടയാളങ്ങളും മനുഷ്യപ്രകൃതിയിലും ബുദ്ധിയിലും പ്രാപഞ്ചികപ്രതിഭാസങ്ങളിലും സ്വന്തം അസ്തിത്വത്തിലും കാണപ്പെടുകയാണ് എന്ന യാഥാർഥ്യത്തെയാണിത് വ്യക്തമാക്കുന്നത്. ഒരു കാര്യത്തിന്റെ എല്ലാ വശങ്ങളും രഹസ്യങ്ങളും പൂർണമായി ദൃശ്യമായില്ല എന്നതോ ഉൾക്കൊള്ളാൻ കഴിഞ്ഞില്ല എന്നതോ അതിനെ നിഷേധിക്കാൻ മതിയായ കാരണമാകുന്നില്ല. ഒരാൾ തനിക്കു മുഴുവനായി മനസ്സിലായിട്ടില്ലാത്തതിന്റെ പേരിൽ ഒരു കാര്യം നിഷേധിക്കുകയാണെങ്കിൽ അയാൾ ഈ പ്രപഞ്ചത്തിൽ തനിക്കു ഗോചരവും അജ്ഞേയവുമായി യാതൊന്നുമില്ല എന്നു വാദിക്കുന്നുവെന്നാണതിനർഥം. പ്രപഞ്ചരഹസ്യങ്ങളഖിലം അറിയുന്നവരാരുമില്ല. പ്രപഞ്ചസ്രഷ്ടാവിനല്ലാതെ ആർക്കും അതു സാധ്യവുമല്ല. ഹിമാലയത്തിന്റെ എല്ലാ ഭാഗങ്ങളും എല്ലാ കൊടുമുടികളും നേരിട്ടു കണ്ടിട്ടില്ലാത്തതിന്റെ പേരിൽ ഹിമാലയത്തെ നിഷേധിക്കുന്ന വിഡ്ഢിയെപ്പോലെയാണയാൾ.

അല്ലാഹുവിന്റെ ചോദ്യത്തിനു മുമ്പിൽ ഒരു ന്യായവും സമർപ്പിക്കാനാവാതെ അവരുടെ വായടഞ്ഞുപോകും. ഒരിക്കലും സംഭവിക്കാൻ പോകുന്നില്ലെന്ന് തങ്ങൾ അസന്ദിഗ്ധമായി നിഷേധിച്ചിരുന്ന സംഗതികൾ അനുഭവ യാഥാർഥ്യങ്ങളായി മുന്നിൽ വന്നു നിൽക്കുന്നു. ഇതു തന്നെയാണ് വേദഗ്രന്ഥങ്ങൾ വാഗ്ദാനം ചെയ്തതെന്നും ദൈവദൂതന്മാർ പറഞ്ഞതൊക്കെയും സത്യമായിരുന്നുവെന്നും അവർക്ക് ബോധ്യപ്പെടുന്നു. സ്വന്തം അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും കനിയായ നരകവിധി അവരിൽ നടപ്പിലാവുകയും ചെയ്യും. 82-ാം സൂക്തത്തിനു താഴെ وَقَعَ الْقَوْلُ -ന്റെ അർഥം വിശദീകരിച്ചിരിക്കുന്നു. ഇവിടെ പരാമർശിക്കുന്നത് വിചാരണാ നാളിൽ നടക്കുന്ന കാര്യങ്ങളാണ്. അതിനാൽ ഉദ്ദേശ്യം എല്ലാ പാപികളെയും നരകത്തിലെറിയാനുള്ള വിധിയാണെന്ന് സ്പഷ്ടമാകുന്നു. അന്ന് അവരുടെ വായടയുമെങ്കിലും കൈകാലുകൾ സ്വന്തം കർമദോഷങ്ങൾക്ക് സാക്ഷ്യം പറയുമെന്ന് 36:65 പ്രസ്താവിക്കുന്നുണ്ട് الْيَوْمَ نَخْتِمُ عَلَىٰ أَفْوَاهِهِمْ وَتُكَلِّمُنَا أَيْدِيهِمْ وَتَشْهَدُ أَرْجُلُهُم بِمَا كَانُوا يَكْسِبُونَ ﴿٦٥﴾ (അന്ന് അവരുടെ വായകൾ നാം അടച്ചുപൂട്ടുന്നു. അവർ ഈ ലോകത്ത് ആർജിച്ചുകൊണ്ടിരുന്നതെന്താണെന്ന് അവരുടെ കൈകൾ നമ്മോട് പറയും. കാലുകൾ സാക്ഷ്യപ്പെടുത്തുകയും ചെയ്യും). ■